2020 മാണ്ട് .................................. മാസം ............................. തിയ്യതി തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജ്, അംശം ദേശത്ത് സ്ഥിതി ചെയ്യുന്ന തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസി. സെക്രട്ടറി ..................................................... .................................................................................. ഒന്നാം പാർട്ടിയായും തൃശ്ശൂർ ജില്ല , ........................... താലൂക്ക്, ............................ വില്ലേജ്, അംശം ദേശത്ത്.............................. വീട്ടിൽ താമസം ........................................... മകൻ .........വയസ്സ് ........................................... ................................................................രണ്ടാം പാർട്ടിയായും ഒപ്പിട്ട് നിർവ്വഹിച്ച ഉടമ്പടി.

തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്നതും തൃശ്ശൂർ വില്ലേജിൽ ............................ സർവ്വേ നമ്പറിൽ ഉൾപ്പെട്ടു വരുന്നതും ........................................................................................................................എന്ന വ്യക്തിയുടെ /വ്യക്തികളുടെ ഉടമസ്ഥതയിലും അനുഭവ അവകാശ കൈവശത്തിലും ഇരുന്നുവരുന്നതുമായ.......................................................................................................... എന്ന കെട്ടിടത്തിലേക്ക് ട്രാൻസ്ഫോമർ ഉൾപ്പെടെ എച്ച്.ടി. എൽ.ടി. ലൈൻ എത്തിക്കുന്നതിനു വേണ്ടി ജോലികൾ, അംഗീകൃത എ ക്ലാസ്സ് ലൈസൻസ് ഇലക്ട്രിക്കൽ കോൺട്രാക്ടർ എന്ന നിലയ്ക്ക് ഇതിലെ രണ്ടാം പാർട്ടി നിർദ്ദിഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവിൽ നിന്നും നേരിൽ ഏറ്റെടുക്കുകയും തന്മൂലം ടി.സി. ഇ. ഡി.യുമായി ഇത്തരത്തിൽ ഒരു ഉടമ്പടി ഏർപ്പെടാൻ കാരണമായിട്ടുള്ളതാകുന്നു.

**ഉടമ്പടി നിശ്ചയങ്ങൾ**

1. മേൽപറഞ്ഞ ട്രാൻസ്ഫോമർ ഉൾപ്പെടെ എച്ച്.ടി. എൽ.ടി. ലൈനുകൾ യഥാവിധി ഉപഭോക്താവിന് വേണ്ടി നിയമാനുസരണം സമയബന്ധിതമായി പൂർത്തീകരിച്ചുകൊടുക്കേണ്ട ഉത്തരവാദിത്വം ഇതിലെ രണ്ടാം പാർട്ടിയിൽ നിരുപാധികവും പൂർണ്ണവുമായ തോതിൽ നിക്ഷിപ്തമാണെന്ന് ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചയിച്ചിരിക്കുന്നു.

2. മേൽപറഞ്ഞ പ്രവർത്തിയുമായി അഥവാ ആയതിന്റെ പൂർത്തീകരണത്തെ സംബന്ധിച്ച ഇതിലെ രണ്ടാം പാർട്ടി നിർദ്ദഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവുമായി ഉണ്ടാക്കിയിട്ടുള്ളതോ ഉണ്ടാക്കിയേക്കാവുന്നതോ ആയ ലിഖിതമോ, അലിഖിതമോ ആയ വ്യവസ്ഥകളോ, ഉടമ്പടികളോ ധാരണപത്രങ്ങളോ യാതൊന്നും തന്നെ ഇതിലെ ഒന്നാം പാർട്ടി കക്ഷിയില്ലാത്തതും, ആയതുകൊണ്ട് തന്നെ അപ്രകാരമുള്ള ഉടമ്പടികളും, ക്ലെയ്മുകളും വാദങ്ങളും യാതൊന്നും തന്നെ ഇതിലെ രണ്ടാം പാർട്ടി ഈ ഉടമ്പടിയുടെ വ്യവസ്ഥകളും, തീർപ്പുമായി ബന്ധപ്പെട്ട് ഒന്നാം പാർട്ടി സമക്ഷം ഉന്നയിക്കാൻ പാടില്ലാത്തതും അപ്രകാരം യാതൊരു വാദഗതികളും ഈ ഉടമ്പടിയുടെ നിയമസാധ്യതയോ അഥവാ ഇതിന്റെ നിർവ്വഹണത്തെയോ യാതൊരു തരത്തിലും ബാധിക്കുവാൻ പാടുള്ളതല്ലെന്ന് ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ചും നിശ്ചയിച്ചിരിക്കുന്നു.

3. ഇതിലെ രണ്ടാം പാർട്ടി നിർദ്ദഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവിനു വേണ്ടി ചെയ്യുന്ന മേൽപറഞ്ഞ പ്രവർത്തികൾ എല്ലാ അർത്ഥത്തിലും നിയമാനുസരണമായിരിക്കേണ്ടതും, ആയത് ഒന്നാം പാർട്ടിയുടെ അഥവാ ഒന്നാം പാർട്ടി നിർദ്ദേശിക്കുന്ന തനത് ഡിപ്പാർട്ട്മെന്റിലെ യോഗ്യരായ ഉദ്യോഗസ്ഥരുടെ പരിപൂർണ്ണ മേൽനോട്ടത്തിലും ഒന്നാം പാർട്ടിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വോപരി ഇതിലെ രണ്ടാം പാർട്ടിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും ആയിരിക്കണമെന്ന് ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചയിച്ചിരിക്കുന്നു.

4. ഇതിലെ രണ്ടാം പാർട്ടി നിർദ്ദഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവിനു വേണ്ടി ചെയ്യുന്ന മേൽപറഞ്ഞ പ്രവർത്തികൾ എല്ലാം തന്നെ പ്രസ്തുത പ്രവർത്തികളിൽ വളരെ നൈപുണ്യമുള്ളവരെയും, സമയബന്ധിതമായും, ഊർജ്ജസ്വലതയോടെയും ജോലി ചെയ്യാൻ കഴിവുള്ളവരുമായ ജോലിക്കാരെ ഉപയോഗിച്ച് മാത്രം നിർവ്വഹിക്കേണ്ടതാണെന്നും ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചയിച്ചിരിക്കുന്നു.

5. ഇതിലെ രണ്ടാം പാർട്ടി നിർദ്ദഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവിനു

വേണ്ടി ചെയ്യുന്ന മേൽപറഞ്ഞ പ്രവർത്തികൾ എല്ലാം തന്നെ നിയമം അനുശാസിക്കുന്ന സുരക്ഷ സംബന്ധമായ എല്ലാ നിബന്ധനകളും, ചട്ടങ്ങളും (According to Indian Saftey Standards യഥാവിധി പാലിച്ചുകൊണ്ടിരിക്കേണ്ടതാണെന്ന് ഇതിനാൽ ഇരുക്കൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചയിച്ചിരിക്കുന്നു.

6. ഇതിലെ രണ്ടാം പാർട്ടി നിർദ്ദഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവിനു വേണ്ടി ചെയ്യുന്ന മേൽപറഞ്ഞ പ്രവർത്തികളിൽ ഉപയോഗിക്കപ്പെടുത്തുന്ന ഇതിലെ രണ്ടാം പാർട്ടിയുടെ എല്ലാ തൊഴിലാളികൾക്കും അഥവാ ജീവനക്കാർക്കും പ്രസ്തുത പ്രവർത്തിക്കാവശ്യമായ സാധനസാമഗ്രികൾക്കും, നിയമം അനുശാസിക്കുന്ന സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ ഇതിലെ രണ്ടാം പാർട്ടി നൽകേണ്ടതും, അപ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക്/ജീവനക്കാർക്ക് സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ ഉണ്ടെന്ന് ഇതിലെ രണ്ടാം പാർട്ടി ഉറപ്പ് വരുത്തേണ്ടതും, അപ്രകാരം ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തതുമൂലം ഇതിലെ രണ്ടാം പാർട്ടിയുടെ തൊഴിലാളികൾക്ക്/ ജീവനക്കാർക്ക് അഥവാ സാധനസാമഗ്രികൾക്ക് മേൽ ഏതെങ്കിലും രീതിയിൽ കഷ്ടനഷ്ടങ്ങളോ, ക്ലെയിമുകളോ, നിയമനടപടികളോ, വ്യവഹാരങ്ങളോ, ചോദ്യമോ, തേർച്ചയോ ഉണ്ടാവുകയാണെങ്കിൽ അഥവാ ആയതുമൂലം ഉണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും ഇതിലെ രണ്ടാം പാർട്ടിയും ടിയാന്റെ സ്വത്തുക്കളും മാത്രം ഉത്തരവാദിയായിരിക്കുമെന്നും, ആയതിന് ഇതിലെ ഒന്നാം പാർട്ടി യാതൊരു തരത്തിലും ബാധ്യസ്ഥനായിരിക്കില്ലെന്നും, അപ്രകാരം യാതൊരുവിധ തടസ്സവാദങ്ങളും, ക്ലെയിമുകളും ചോദ്യങ്ങളും ഇതിലെ ഒന്നാം പാർട്ടിക്കുമേൽ ഉന്നയിക്കാൻ ഇതിലെ രണ്ടാം പാർട്ടിക്ക് യാതൊരുവിധ അധികാര അവകാശങ്ങളും ഇല്ലാത്തതാണെന്നും അഥവാ അപ്രകാരമുള്ള എല്ലാം അധികാരഅവകാശങ്ങളും രണ്ടാം പാർട്ടി ഇതിനാൽ ണമശ് ലഛളള ചെയ്യുകയും ചെയ്തിരിക്കുന്നു എന്ന് ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചിച്ചിരിക്കുന്നു.

7. ഇതിലെ രണ്ടാം പാർട്ടി നിർദ്ദഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവിനു വേണ്ടി ചെയ്യുന്ന മേൽപറഞ്ഞ പ്രവർത്തികൾക്കും ആയതുമൂലം നിലവിലുള്ളതും, ഭാവിയിൽ ഉണ്ടാകുന്നതുമായ യാതൊരുവിധ ബാധ്യതകൾക്കും ഒന്നാം പാർട്ടിയോ, ആയതിലെ ജീവനക്കാരോ, യാതൊരുവിധത്തിലും ഉത്തരവാദികളായിരിക്കില്ലെന്നും, അപ്രകാരമുള്ള എല്ലാ ബാധ്യതകൾക്കും ഇതിലെ രണ്ടാം പാർട്ടിയും ടിയാന്റെ സ്വത്തുക്കളും മാത്രം ഉത്തരവാദിയായിരിക്കുമെന്നും ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചയിച്ചിരിക്കുന്നു.

8. ഇതിലെ രണ്ടാം പാർട്ടി നിർദ്ദഷ്ട/നിയുക്ത വൈദ്യുതി ഉപഭോക്താവിനു വേണ്ടി ചെയ്യുന്ന മേൽപറഞ്ഞ പ്രവർത്തികൾ...................................... തിയ്യതിക്കകം പൂർണ്ണമായും നിരപാധികമായും ഇതിലെ രണ്ടാം പാർട്ടി പൂർത്തീകരിച്ച് രേഖമൂലം ഇതിലെ ഒന്നാം പാർട്ടിയെ അറിയിക്കേണ്ടതാണെന്നും അപ്രകാരം മേൽപറഞ്ഞ തിയ്യതിക്കകം പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കാത്തപക്ഷം ഇതിലെ ഒന്നാം പാർട്ടിക്ക് അവരുടെ ഇഷ്ടാനുസരണം മേൽകൊണ്ട് തീരുമാനങ്ങൾ എടുത്ത് മുന്നോട്ട് പോകാവുന്നതാണെന്നും, ആയതിനാൽ ഇതിലെ രണ്ടാം പാർട്ടിക്കോ, മേപ്പടി ഉപഭോക്താവിനോ യാതൊരുവിധ തടസ്സവാദങ്ങളും ക്ലെയിമുകളും, ചോദ്യങ്ങളും ഇതിലെ ഒന്നാം പാർട്ടിക്കുമേൽ ഉന്നയിക്കുവാൻ യാതൊരുവിധ അധികാര അവകാശങ്ങളും ഇല്ലാത്തതാണെന്നും അഥവാ അപ്രകാരമുള്ള എല്ലാ അധികാര അവകാശങ്ങളും ഇതിലെ രണ്ടാം പാർട്ടി ഇതിനാൽ ണമശ് ലഛളള ചെയ്യുകയും ആയതുമൂലം രണ്ടാം പാർട്ടിക്കോ മേപ്പടി പാർട്ടിയോ, സ്വത്തുക്കളോ ഉത്തവാദിയായിരിക്കില്ലെന്നും ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചയിച്ചിരിക്കുന്നു.

ഈ കരാറിലെ മേൽനിശ്ചയങ്ങൾക്കനുസൃതമായി ഇതിലെ രണ്ടാം പാർട്ടി വർത്തിക്കാത്തപക്ഷം, മേൽകൊണ്ട് യാതൊരു നോട്ടീസും അറിയിപ്പും ഒന്നും തന്നെ

ഇതിലെ രണ്ടാം പാർട്ടിക്ക് നൽകാതെ ഇതിലെ ഒന്നാം പാർട്ടിക്ക് ഈ കരാറിനെ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോകാവുന്നതാണെന്നും, ആയതുമൂലം ഇതിലെ ഒന്നാം പാർട്ടിക്കുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഭവിഷ്യത്തുകൾക്കും ഇതിലെ രണ്ടാം പാർട്ടിയും, സ്വത്തുക്കളും ഉത്തരാവാദിയായിരിക്കുമെന്നും ഇതിനാൽ ഇരുകൂട്ടരും പരസ്പരം സമ്മതിച്ച് നിശ്ചിയിച്ചിരിക്കുന്നു.

ഇതുപ്രകാരം നിശ്ചയിച്ചും സമ്മതിച്ചും താഴെ പേരെഴുതി ഒപ്പിടുന്ന സാക്ഷികൽ കാണെ നാം ഇതിൽ ഒപ്പിടുകയും 200/ മുദ്രക്കടലാസിലും മറ്റും കമ്പ്യൂട്ടർ ടൈപ്പ് ചെയ്ത് ഈ കരാറിന്റെ അസ്സൽ ഒന്നാം പാർട്ടിയും ഇതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഒപ്പിട്ടത് രണ്ടാം പാർട്ടിയും കൈവശം സൂക്ഷിപ്പാനും ഇതിനാൽ നിശ്ചയിച്ചിരിക്കുന്നു.

എന്ന് 2020-ാംമാണ്ട് ............................... മാസം .................................-ാം തിയ്യതി

ഒന്നാം പാർട്ടി                                        രണ്ടാം പാർട്ടി

സാക്ഷികൾ

1.

2.